# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1646** 04.12.2015 ൽ മറുപടിയ്ക്ക്

## നാളികേര വില ഇടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി. അബ്ദുൾ ഖാദർ : | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് നാളികേര വില കുത്തനെ ഇടിയുവാനുണ്ടായ കാരണം വ്യക്തമാക്കുമോ ; | (എ) പാംകേർണൽ ഓയിൽ പോലുള്ള എണ്ണകൾ കലർന്നിട്ടുള്ള ഗുണനിലവാരം കുറഞ്ഞ വെളിച്ചെണ്ണ കുറഞ്ഞ വിലയ്ക്ക് അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ എത്തുന്നതും, ഭക്ഷ്യ എണ്ണകൾക്കുള്ള ഇറക്കുമതി നയം ഉദാരവൽക്കരിച്ചതും നാളികേര ഉല്പന്നങ്ങൾക്കുള്ള വിലയിടിവിന് കാരണമാകുന്നു. |
| (ബി) സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വഴി വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാൻ തീരുമാനമെടുത്ത കേന്ദ്ര സർക്കാർ തീരുമാനത്തെ പ്രതിരോധിയ്ക്കുന്നതിന് എന്തെങ്കിലും നടപടി കൈക്കൊണ്ടി-രുന്നോയെന്ന് വ്യക്തമാക്കുമോ ; | (ബി) സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വഴി വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാൻ തീരുമാനമെടുത്ത കേന്ദ്രസർക്കാർ തീരുമാനത്തെ പ്രതിരോധിക്കുന്നതിനായി സംസ്ഥാന സർക്കാർ നിവേദനങ്ങളിലൂടെ ആവശ്യപ്പെടുകയുണ്ടായി. സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വഴി 10000 മെട്രിക് ടൺ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുവാൻ ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ് അനുവാദം നൽകിയിരുന്നു. ഇതു പ്രകാരം 2000 മെട്രിക് ടൺ വെളിച്ചെണ്ണ ഇറക്കുമതി ചെയ്തിരുന്നുവെങ്കിലും സംസ്ഥാന സർക്കാരിന്റെ ആവശ്യം മാനിച്ച് കേന്ദ്രസർക്കാർ കൂടുതൽ ഇറക്കുമതി തടയുകയുണ്ടായി. |
| (സി) നാളികേര കർഷകരെ സഹായിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (സി) നാളികേരത്തിന്റെ വിലയിടിവിൽ നിന്നും കേര കർഷകരെ സംരക്ഷിക്കുന്നതിനും സംഭരണത്തിന്റെ പ്രയോജനം യഥാർത്ഥ കർഷകർക്ക് എത്തിക്കുന്നതിനുമായി കൃഷി വകുപ്പ് കേരഫെഡിന്റെ സഹകരണത്തോടെ 01.01.2013 മുതൽ കർഷകരിൽ നിന്നും ന്യായ വിലയ്ക്ക് പച്ചനാളികേരം സംഭരിച്ച് വരുന്നു. സംഭരിക്കുന്ന നാളികേരം കേരഫെഡ് ഏറ്റെടുത്ത് സംസ്കരിച്ച് കൊപ്രയാക്കി മാറ്റുന്നു. സംസ്ഥാനത്തെ 11 ജില്ലകളിലെ 371 കൃഷി ഭവനുകൾ വഴി 65680 ടൺ പച്ചനാളികേരം സംഭരിച്ചിട്ടുള്ളതായി കേരഫെഡ് അറിയിച്ചിട്ടുണ്ട്. |

Reena

**സെക്ഷൻ ഓഫീസർ**